(ഡി) 1. എം.എസ്. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യബന്ധന ബോട്ടുകളായിരിക്കണം.

2. ബോട്ടുടമകൾ ഇന്ധനഭോക്തൃ വിഹിതമായ 2,600 രൂപ ഫിഷറീസ് വകുപ്പിൽ അടയ്ക്കാൻ സന്നദ്ധരായിരിക്കണം. ടി മാനദണ്ഡം പാലിക്കുന്ന ആദ്യത്തെ 300 ബോട്ടുടമകളുടെ അപേക്ഷകളിൽ നിന്നുമാണ് വെസ്സൽ ട്രാക്കിംഗ് സംവിധാനം ഘടിപ്പിക്കുന്നതിന് വേണ്ടിയുള്ള ബോട്ടുകളെ തെരഞ്ഞെടുക്കുന്നത്. ടി പദ്ധതി വിജയകരമായി നടപ്പാക്കുന്നപക്ഷം സംസ്ഥാനത്തെ എല്ലാ മത്സ്യബന്ധന ബോട്ടുകളിലും വെസ്സൽ ട്രാക്കിംഗ് സംവിധാനം ഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കെൽട്രോണിന്റെയും സി-ഡിറ്റിന്റെയും സാങ്കേതിക സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

വൈക്കം മത്സ്യത്തൊഴിലാളി മേഖലയിലെ അടിസ്ഥാന സൗകര്യം

65(5650) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളി മേഖലയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി വൈക്കം നിയോജക മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതെന്നും ഇതിനായി എത്ര തുക ചെലവഴിക്കുന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിൽ മത്സ്യത്തൊഴിലാളി മേഖലയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി എത്ര റോഡുകൾ അനുവദിച്ചു എന്നും ഇതിനായി എത്ര തുക ചെലവഴിച്ചു എന്നുമുള്ള വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഈ സർക്കാരധികാരമേറ്റശേഷം വൈക്കം നിയോജക മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

1. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തിൽ വൈക്കം മത്സ്യഗ്രാമത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ഭരണാനുമതി നൽകി.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി	അടങ്കൽ തുക (ലക്ഷത്തിൽ)
കടിവെള്ളം	98.00
വൈദ്യുതീകരണം	42.09
ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (2 എണ്ണം)	16.00
പബ്ലിക് ടോയ്ലറ്റ്	24.00
ജീവനോപാധി സഹായം	18.00

2. ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി ദേശീയ മത്സ്യ വികസന ബോർഡിന്റെ 90% ധനസഹായത്തോടെ 162.24 ലക്ഷം രൂപ അടങ്കൽ തുകയിൽ വൈക്കം ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുവാൻ ഭരണാനുമതി നൽകി പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് മാർക്കറ്റ് ഉദ്ഘാടനം ചെയ്യുകഴിഞ്ഞു.

(ബി) മത്സ്യത്തൊഴിലാളി മേഖലയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിലുൾപ്പെടുത്തി 18 റോഡുകൾ അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾക്കായി 828.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 195.79 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

പൂർത്തീകരിച്ച പ്രവൃത്തികൾ

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	ഭരണാനുമതി തുക
1	മാട്ടുങ്കൽ മട്ടപ്പള്ളി റോഡ്	27.00
2	കോട്ടച്ചിറമുക്കിൽ റോഡ് നിർമ്മാണം	21.00
3	കാട്ടിൽക്കടവ് - പാലക്കരി ഫിഷ് ഫാം റോഡ്	46.00
4	നക്കംതുരുത്ത് എരുമ്പുഴിക്കര റോഡിന്റെ നിർമ്മാണം	21.00
5	ചെമ്പനാകരി - ഓൾഡ് ജെട്ടി - കളങ്ങര റോഡ്	24.00
6	ചാത്തനാട് - തറവട്ടം റോഡ്	37.00

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പുരോഗമിച്ചു വരുന്ന പ്രവൃത്തികൾ

1	മടത്തിൽപറമ്പ് - കരിയാർ റോഡ് വാർഡ് നമ്പർ13	14.00
2	പ്ലാക്കോട്ടം - മാട്ടങ്കൽ റോഡ് - വാർഡ് നമ്പർ 12	58.00
3	പടിക്കൽക്കുളം - കൊച്ചുപറമ്പ് - മൂഴിക്കോട് റോഡിന്റെ നിർമ്മാണം	40.00
4	ജെട്ടി - കണവളളി - പുത്തൻതറ റോഡിന്റെ നിർമ്മാണം	43.00
5	ചെമ്പിലരയൻ - തൈലം പറമ്പ് റോഡ്	36.5
6	അംബികാ മാർക്കറ്റ് - സാമിക്കല്ല് റോഡിന്റെ നിർമ്മാണം	88.00
7	ചെമ്പു ഗ്രാമപഞ്ചായത്തിൽ പാലക്കരി ഫിഷ് ഫാം ചെമ്പുവാലേൽ റോഡ്	41.00

ഏർപ്പാടാക്കാനുള്ളപ്രവൃത്തികൾ

1	പ്രിയദർശിനി - മുളങ്കുരി റോഡ്	80.00
2	പഴത്തു വെളി - പട്ടശ്ശേരി റോഡ്	92.00
3	ചെമ്പങ്ങോടി - ചെമ്പകശ്ശേരി റോഡ്	92.00
4	പുത്തൻതറ കാനംപറമ്പ് റോഡ്	19.00
5	കളത്തിത്തറ കണ്ടത്തിത്തറ റോഡ്	49.00

വയനാട് ജില്ലയിൽ മത്സ്യഹാച്ചറി

66(5651) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ എത്ര ഹെക്ടർ സ്ഥലത്ത് മത്സ്യകൃഷിയുണ്ടെന്നതിന്റെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിൽ നിന്നും എത്ര ടൺ മത്സ്യം ഉൽപാദിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട് എന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?